കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -ആസ്തിവികസനം- **പയ്യന്നൂർ** നിയോജകമണ്ഡലം-പ്രോജക്റ്റ് ഐ.ഡി.1410 വെള്ളൂർ ഗവൺമെന്റ് എൽ.പി.സ്കൂൾ ക്ലാസ്സ് റൂം കെട്ടിട നിർമ്മാണം - പയ്യന്നൂർ നഗരസഭ -ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ) നം.1924/17/തസ്വഭവ തിരുവനന്തപുരം, തീയതി :12.06.2017

പരാമർശം - 1. 06/11/2012- തീയതിയിലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ സ. ഉത്തരവ്

2. 29/03/2017 തീയതിയിലെ തസ്വഭവ ചീഫ് എൻജിനീയറുടെ ഡി.ബി5-1022 /സി.ഇ /തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

**പയ്യന്നൂർ** നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന **ശ്രീ.റ്റി.കൃഷ്ണൻ** എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും പ്രോജക്റ്റ് ഐ.ഡി.1410 **വെള്ളൂർ ഗവൺമെന്റ് എൽ.പി.സ്കൂൾ ക്ലാസ്സ് റൂം കെട്ടിട നിർമ്മാണം - പയ്യന്നൂർ നഗരസഭ** എന്ന പ്രവൃത്തിയ്ക്ക് ആകെ അടങ്കൽ തുകയായ **50 ലക്ഷം രൂപയ്ക്ക് (അൻപത് ലക്ഷം രൂപ മാത്രം)** ഭരണാനുമതി ലഭിക്കുന്നതിന് സൂചന (2) പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനിയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും **പയ്യന്നൂർ** നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന **ശ്രീ.സി.കൃഷ്ണൻ** എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും പ്രോജക്റ്റ് ഐ.ഡി.1410 **വെള്ളൂർ ഗവൺമെന്റ് എൽ.പി.സ്കൂൾ ക്ലാസ്സ് റൂം കെട്ടിട നിർമ്മാണം - പയ്യന്നൂർ നഗരസഭ** എന്ന പ്രവൃത്തിയ്ക്ക് ആകെ **അടങ്കൽ തുകയായ 50 ലക്ഷം രൂപയ്ക്ക് (അൻപത് ലക്ഷം രൂപ മാത്രം)** വകുപ്പ്സംബന്ധമായ നടപടിക്രമങ്ങളും സൂചന (1) ലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ആയത് സംബന്ധിച്ച് ചെലവ് **'4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി. എ.ഡി. എസ്'** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എ.കെ മോഹനകുമാർ**
ഗവ.ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
സെക്രട്ടറി, പയ്യന്നൂർ നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ് (അ.നം. 501/എൻ.സി.സി.3/17/ധന തീ.**18.05.2017**)
ത.സ്വ.ഭ.വ(ഒ.എസ്) വകുപ്പ്(ഡി.ബി.2/140/2017/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ